# V R A M M H S S

## THAIKKAD SOUTH

BRAHMAKULAM

# മഷിത്തണ്ട്

mashithandu

2020

# LITTLE KITES



Manager

V B Heeralal

'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം തോന്നി. മാറ്റങ്ങളുടെ ഈ ലോകത്ത് വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയൊരു പങ്കുണ്ട്. പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയ കേവലമായ അറിവിനുമപ്പുറം വിദ്യാർത്ഥികളും അധ്യാപകരും വളരേണ്ടിയിരിക്കുന്നു.'ലിറ്റിൽ കൈറ്റ്സ്' എന്ന ഐ ടി കൂട്ടായ്മായും അവരുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനും ഇത്തരമൊരു വളർച്ചയുടെ നാഴികക്കല്ലാകട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.



Principal
Jithamol P Pulleli

തൈക്കാട് വി ആർ അപ്പു മാസ്റ്റർ മെമ്മോറിയൽ ഹയർ സെക്കന്ററി വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. 124 വർഷം മുൻപ് ശ്രീമാൻ അപ്പുമാസ്റ്റർ തെളിയിച്ച അക്ഷര ദീപത്തിന്റെ മഹിമ ഉയർത്തിപ്പിടിക്കാൻ ഈ ഡിജിറ്റൽ മാഗസീനിലൂടെ സാധിക്കട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.



Head Mistress
Brilliant Verghese T K

നമ്മുടെ വിദ്യാർത്ഥികൾക്ക് വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഭാഗമായ 'ലിറ്റിൽ കൈറ്റ്സ്' ലൂടെ ഇന്നത്തെ നൂതനമായാ ആശയങ്ങൾ വളരെ എളുപ്പത്തിലും വ്യക്തമായും മനസ്സിലാക്കാൻ സാധിക്കുന്നു.ഏതൊരു ഡോക്യൂമെന്റ്ഷനും മികവാർന്ന വിധത്തിൽ ഒരുക്കാൻ എല്ലാവര്ക്കും സാധിക്കുന്നു. ഇത്തരമൊരു പ്രവർത്തനത്തിന്റെ ഭാഗമായ ഡിജിറ്റൽ മാഗസിൻ എന്തുകൊണ്ടും നല്ലൊരു ആശയമാണ്. നൂതനമായ ആശയങ്ങളെ വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്നു എന്നുമാത്രമല്ല അവ പ്രകൃതി സൗഹാർദപരം കുടി ആകുമ്പോൾ വിദ്യാർത്ഥികളെ കുറിച്ച് സന്തോഷവും അഭിമാനവും തോന്നുന്നു.ലിറ്റിൽ കൈറ്റ്സിന്റെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ ആശംസകളും നേരുന്നു.



P T A President
M V Biju

പ്രിയ വിദ്യാർത്ഥികളെ ,

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റിസിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതായി അറിഞ്ഞു, എട്ടാം ക്ലാസിലെയും ഒൻപതാം ക്ലാസിലെയും കൊച്ചു മിടുക്കന്മാരും മിടുക്കികളും തീർച്ചയായും അഭിനന്ദനമർഹിക്കുന്നു. ഐ ടി മേഖലയിൽ ഇവരുടെ കഴിവ് തെളിയിക്കാനുള്ള ഒരു അവസരമാണിത്. നിങ്ങൾ ഏറ്റെടുത്ത പ്രവൃത്തിയിൽ പരമാവധി ശോഭിക്കട്ടെ എന്ന് ഹൃദയം നിറഞ്ഞു ആശംസിക്കുന്നു

# EDITORIAL BOARD



STAFF EDITOR
Deepthy K



STUDENT EDITOR
Krishna K P

## EDITORIAL BOARD MEMBERS



Chithra R Nair
Kite Mistress



Thaeba R Y
Student



Feba K Pappachan
Student

## മുഖപ്രസംഗം

വിദ്യ കേവലം പുസ്തകങ്ങളിൽ സീമിതമായ ഒന്നല്ല .ആധുനിക കാലത്ത് അവ പുസ്തകങ്ങളുടെയും ദേശങ്ങളുടെയും ഭാഷയുടെയും സമയത്തിന്റെയും കാലത്തിന്റെയും അതിർവരമ്പുകൾ മായ്ച്ചുകൊണ്ടു അതിവേഗം മുന്നോട്ട് പായുകയാണ്. ഇത്തരമൊരു കുതിച്ചുചാട്ടം സാധ്യമായത് വിവര വിനിമയ സാങ്കേതിക വിദ്യയുടെ വരവോടു കൂടിയാണ്.ഇനി വരും കാലം പുസ്തകങ്ങളുടെയോ പേനയുടെയോ അല്ല.വിവര വിനിമയ സാങ്കേതിക വിദ്യയുടേതാണ്.ഇത്തരമൊരു കുതിച്ചുചാട്ടത്തിനൊപ്പം കുതിക്കുകയാണ് നമ്മുടെ കുട്ടികളും,'ലിറ്റിൽ കൈറ്റ്സ്'എന്ന ഐ ടി കൂട്ടായ്മയിലൂടെ.മാറുന്ന ലോകത്ത് മാറ്റത്തിന്റെ ചുവടു വയ്പ്പായി digital magazine എന്ന ആശയവും.എന്നാൽ ഏതൊരു കുതിച്ചുചാട്ടത്തിനും അനുഭവങ്ങളുടെ, ഓർമകളുടെ ശക്തമായ പിന്തുണ ആവശ്യമാണ്. കഴിഞ്ഞു പോയ കാലത്തിന്റെ മായാത്ത ഓർമ്മയായ 'മഷിത്തണ്ട്', എഴുതിയും എഴുതിയതിനെ മായ്ച്ചെഴുതിയും മുന്നോട്ട് പോയ ഒരു കഴിഞ്ഞ തലമുറയുടെ പ്രതീകം.വരും തലമുറയുടെ കുതിച്ചു ചാട്ടങ്ങൾക്ക് കരുത്താകാൻ, സാക്ഷിയാകാൻ മഷിത്തണ്ടിനോളം മറ്റെന്തിനു സാധിക്കും!

LITTLE KITES

# Table of Contents

പിൻവഴികൾ....................8
The Wonder of Nature....................9
Mobile Phone Advantages and Disadvantages....................10
കൂട്ടുകാരൻ....................12
A Drop of Water....................13
മാധ്യമലോകത്തക്കപ്പെട്ട ബാല്യം....................14
കാർമേഘം....................19
My Brother....................20
അക്ഷരജ്വാല....................21
Essay on Women Empowerment....................23
കാട്ടുപൂവ്....................25

ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്,
തൈക്കാട് സൗത്ത്, ബ്രഹ്മകുളം



Arunima C G
IX A

# പിൻവഴികൾ

തിരികെ നടന്നു ഞാനിന്നാ
വഴികളിൽ
പാതിയെ മറഞ്ഞ ചിന്തയെ
തേടി
പിന്നിട്ട വഴികളിൽ നിറം
ചാലിച്ച
നിറയെന്റെ ചിന്തകളിൽ
മങ്ങിയ കാൽപാടുകളോ
ഉറുമ്പരിച്ച വരികളോ
ഓർമകളിൽ ഊതി വീർപ്പിച്ച
നിർ കുമിളകളിൽ
പൊട്ടിത്തകർന്നു പോയ്
ഒരു പിൻവിളിയും
കാത്തുനിൽക്കാതെ
ഒടുവിൽ...
ഇന്ന് ഞാനും ചിതലരിച്ചിടുന്നു.
എന്റെ ചിന്തയെ
ബാക്കിയാക്കി
പാതി നിർത്തിയ വഴിയോർ
ത്തിടാതെ



LITTLE KITES

ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Thaeba R Y
IX A

# The Wonder of Nature

Nature ! Nature ! So lush and green.

The wonder of wonder any one has seen.

So cool, calm, and full of life

Makers us forget all our strife.

Think of forest full of trees,

fluttering and dancing in the breeze.

Cut them down and construct towers

wait for the ages to get a shower.

The birds that soar high in the sky,

What a wonder to see them fly!

It’s amazing to hear a bird

and see the happiness it brings.



We have such a wonderful world Do what you can andsave a wing

So that Our children in future

can enjoy en earth of these features !!

ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Feba K Pappachan
IX A

# Mobile Phone’s Advantages and Disadvantages

Mobile phone is often also called “cellular phone”. It is a device mainly used for voice call. At present technological advancements have made our life easy. Today, with the help of a mobile phone we can easily talk or video chat with anyone across the globe by just moving our fingers. Mobile phone are used for various purposes like- voice calling, video chatting, text messaging or SMS, internet browsing, email, multimedia messaging, video games and photography. Hence it is called ‘smartphone’.

We can easily connected friends and relatives all over the world. Especially we can talk, video chat with whoever we want. We can assess the live decision to reach on time. By using google map, we can easily reach at proper place. By using smart phones, we can listen to music, watch movies and TV shows.

Mobile phones are used for managing office



work like sending and receiving documents, giving presentations, alarms, job opportunities etc. Nowadays mobile banking is an easy method of payments and money transferring. So it saves a lot of time and also hassle-free.

Nowadays people have become addicted to mobiles and wasting a lot of time by playing games and watching videos. Wide usage of mobiles has resulted in less meet and talk more. Now people don't meet physically rather chat or comment on social media.

It is a major concern now of losing one's privacy because of much mobile usage. By just easily browsing through your social media account anyone could easily access the information about you. Many people insulted by the misuse of mobile camera. Today people are spending a lot amount of money on buying smartphones causes money wastage.

A mobile phone could both be positive and negatives depending on how a user uses it. As mobiles have become a part of our life so we should use it in a proper way, carefully for our better hassle-free life rather using it improperly and making it a virus in life



ലിറ്റിൽ കൈറ്റ്സ്

@

വി ആർ എ എം എം എച്ച് എസ് എസ്

തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Nehala V S
IX B



# കൂട്ടുകാരൻ

കൂട്ടുകൂടാനാണെൻെറ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റകിളി
കാറ്റിനോട് കഥ പറഞ്ഞും
കടലുനോട് കളി പറഞ്ഞും
കാടായ കാടെല്ലാം,
മേടായമേടല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടിനോക്കി

കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചി ചിലച്ചും
കിളി കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിളിൽ ചേർത്തിറുക്കിയും
കനവിൻെറ കനിവാമെൻെറ
കരളിൻെറ കരളായ
കളി കൂട്ടുകാരൻ

ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Jibnath Raihan
IX A

# A DROP OF WATER



A drop of water, so sweet,
as tears of happiness, a drop of honey,
brings joy to the mind.
A drop  of water, so bitter
as tears of agony, a heart breaking cry,
brings pain to the mind.

A drop of water, so harmful,
in the form of a flood, a harmful storm,
brings fear to the mind.
A drop of water, so precious
for a plant to survive, water in desert
brings comfort to the mind.
A drop of water, so beautiful
as a dew drop, a single pearl
brings expression to the mind.

ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Krishna K P
IX B

# മാധ്യമലോകത്തകപ്പെട്ട ബാല്യം

കാലങ്ങൾ കടന്നുപോയി എഴുന്നേൽക്കാൻ പറ്റാതെ ഒരു അമ്മയായ സ്ത്രീ  കിടക്കുന്നു.അവളാണ് സുമിത്ര.സുമിത്രയെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ അവളുടെ ഭർത്താവായ അരവിന്ദ് ശ്രമിക്കുന്നു. സുമിത്രയ്ക്ക് 38 വയസ്സായി.കണ്ണുകൾ അടയ്ക്കാതെ ഒന്നും മിണ്ടാൻ പറ്റാതെ ശരീരം ഒന്നും ചലിപ്പിക്കാൻ പറ്റാതെ ആ കിടത്തം കിടന്ന് ഒരു വർഷത്തോളം ആയി. ഒഴിവ് സമയത്ത് അരവിന്ദ് സുമിത്രയുടെ പക്കൽ ഇരുന്ന് അരവിന്ദാക്ഷൻ ഓരോന്നും പറയും. ഒരു ദിവസം മാത്രം അവരുടെ മരിച്ചുപോയ 17 വയസ്സായ മിത്രയെക്കുറിച്ചാകും. അവൾ ഒന്നു കണ്ണു ചിമ്മിയിരുന്നെങ്കിൽ എന്ന് അരവിന്ദ് ഓർക്കുമായിരുന്നു.

ഈ കിടക്കയിൽ നിന്ന് സുമിത്രയെ എഴുന്നേൽപ്പിക്കാൻ ഡോക്ടർമാർക്ക് ആയില്ല.അവർ അവരെ കയ്യൊഴിഞ്ഞു.

സമയം കടന്നുപോയി സുമിത്ര ഇപ്പോൾ അവളുടെ വിട്ടിൽ കിടപ്പായി. അരവിന്ദ് അവളുടെ അടുക്കേ വന്നു.

“നീ എന്നാ ഒന്നു മിണ്ടാ?”

അരവിന്ദൻ കണ്ണീരോടെ ചോദിച്ചു. ഒന്നും മിണ്ടിയില്ല. സുമിത്രയുടെ പക്കൽ ഇരുന്ന് അവളുടെ അവസ്ഥയെക്കുറിച്ച് അരവിന്ദൻ ഓർ<u>ത്തു</u>.മിത്രയുടെ മരണത്തോട് കൂടിയാണ് സുമിത്രയുടെ ഈ അവസ്ഥ അരവിന്ദൻ മുഴുകിക്കൊണ്ട് അവരുടെ ജീവിതത്തെ ഇങ്ങനെയാക്കുന്ന അവസ്ഥ ഓർ<u>ത്തു</u>.

സുമിത്രയും അരവിന്ദനും കോളേജിൽ പഠിക്കുമ്പോഴേ പ്രണയത്തിലായിരുന്നു. കുറച്ച് ദിവസത്തിനു ശേഷം അവർ വിവാഹം കഴിച്ചു. വീട്ടിൽ നിന്ന് എതിർപ്പുണ്ടായിരുന്നു. വർഷങ്ങൾക്കു ശേഷമാണ് മിത്ര ഉണ്ടായത്. ലാളനയുടെയും ആഢംബരത്തിന്റെയും ചൂടിലാണ് മിത്ര വളർന്നത്. ആരും അവളെ ശ്രദ്ധിച്ചില്ല. പോരാത്തതിന് അവളുടെ തെറ്റിനെ നിയന്ത്രിച്ചില്ല. ഇന്നത്തെ കാലത്ത് മക്കളെ ശ്രദ്ധിക്കാൻ പല അച്ഛനമ്മമാർക്കും സാധിക്കുകയില്ല. അങ്ങനെയിരിക്കെ മിത്രയ്ക്ക് അവളുടെ അച്ഛൻ സമ്മാനമായി കൊടുത്തത് ലാപ്ടോപ് പിന്നെ ഫോണും.

അവൾ അതിൽ മുഴുകി. ആഴ്ച്ചയ്ക്കുകം അവൾക്ക് തലവേദന തുടങ്ങി. ഡോക്ടറെ കാണിച്ചു. മകൾക്ക് കണ്ണട വെക്കേണ്ട അവസ്ഥയാണ്. ഫോൺ ഒന്നും അധികം ഉപയോഗിക്കാൻ പാടില്ല എന്ന് പറഞ്ഞു.

തല വേദന മാറി വരുന്നതു വരെ അവളുടെ അമ്മ അവളെ ശ്രദ്ധിച്ചു. കാര്യങ്ങൾ കുഴപ്പമില്ല എന്നായപ്പോൾ അവൾ വീണ്ടും മുഴുകി. നന്നായി പഠിക്കുമായിരുന്നു മിത്ര. അതുമൂലം അവളെ അദ്ധ്യാപികമാർക്ക് വലിയകാര്യമായിരുന്നു. അവൾ പഠിക്കുന്ന ഒരു ഗേൾസ് സ്കൂളിൽ ആണ്. അവിടെ കന്യാസ്ത്രീകളും ഉണ്ട്. അവർ അവിടെ ഒരു ദുഃശ്ശീലങ്ങളും അനുവദിക്കില്ലായിരുന്നു. പോരാത്തതിന് നല്ല അച്ചടക്കവും വൃത്തിയുമാണ് അവിടെ.

മിത്ര കുറച്ചുനാളായി പഠിത്തതിന് പിന്നാക്കം. അതു പിന്നെ തുടർച്ചയായി. അവൾക്ക് 13 വയസ്സിൽ അവളുടെ കയ്യിലേക്ക് മൊബൈൽ എറിഞ്ഞുകൊടുത്ത ബാല്യം.

ഇന്ന് അവൾക്ക് 14 വയസ്സ് രാത്രി പന്ത്രണ്ട് മണി ആയിട്ടും മിത്ര ആരോടൊക്കെയോ സംസാരിക്കുന്നു.വെള്ളം എടുക്കാൻ വന്ന സുമിത്ര അത് കേട്ട് അവളുടെ വാതിൽ മുട്ടി.

"നീ ആരോടാണ് സംസാരിക്കുന്നത്"



LITTLE KITES

ഇത് കേട്ടതും കയ്യിലെ ഫോൺ നിർത്തി.

അവൾ ആകെ വിളറി.

പരിഭ്രന്തിയെപ്പോലെ അവൾ ബുക്ക് എടുത്ത് ബുക്ക് എടുത്ത് തുറന്ന് കിടക്കയിൽ ആകെ പരത്തി.

അവളുടെ അമ്മ വീണ്ടും വാതിലിൽ കൊട്ടി.

"മിത്രാ... നീ എന്താ ചെയ്യുന്നേ?"

അവൾ പരക്കം പാഞ്ഞ് വാതിൽ തുറന്നു

"എന്താ അമ്മ" അവൾ വിളറി.

"അല്ല നീ ആരോടാ..."

"അത് എൻെറ കൂട്ടുകാരി അമിഷ.."

"ഈ പാതിരാത്രിയിലോ?"

"എനിക്കൊരു സംശയം..."

"ആ വിളിക്കാൻ പറ്റിയ സമയം. വേഗം അത് എടുത്ത് വച്ച് കിടക്ക്. ഈ പാതിരാത്രി എവിടെന്നും ഇല്ലാത്ത സംശയം"അവളുടെ അമ്മ സംശയത്തോടെ പറഞ്ഞു. അവളുടെ വിളറിയ മുഖം പിന്നെ ദേഷ്യത്തിലായി.

"എല്ലാം പഠിക്കേണ്ട സംശയം തോന്നിയപ്പോൾ വിളിച്ചു. അവൾ ഉറങ്ങിയിരുന്നില്ല. "

"ഈ സമയത്ത് ഏതൊരു വീട്ടിലേക്ക് വിളിച്ചാലും അവരുടെ അച്ഛനമ്മമാർ എന്ത് ചിന്തിക്കും."

"അത് ഒന്നും എനിക്കറിയേണ്ട."

അവൾ വാതിൽ കൊട്ടിയടച്ചു.

സുമിത്ര  ഒന്നും മിണ്ടിയില്ല. അവൾക്ക് ഇപ്പോൾ 17 വയസ്സ് മൂന്ന് കൊല്ലം നീങ്ങിപ്പോയി.തിരക്കടിച്ച ജോലിയാണ് സുമിത്രയുടേത്. അവൾ ഒരു നേഴ്സാണ്. രാവിലെ 7:30 യ്ക്ക് ഇറങ്ങണം. പിന്നീട് വരുമ്പോൾ പത്ത് പത്തര ആകുമായിരുന്നു.അച്ഛനും അങ്ങനെയാണ്.

ഉച്ചയ്ക്ക് ഒരു ഒഴിവ് സമയത്ത് സുമിത്ര ഫോൺ എടുത്തു. അതിൽ അഞ്ച് പത്ത് മിസ്ഡ്കോൾ അത് മിത്രയുടെ സ്കൂളിൽ നിന്നാണ്. സുമിത്ര തിരിച്ച് വിളിച്ചു എടുക്കുന്നില്ല, ഫോണിലേക്ക് ഒരു മെസ്സേജ് വന്നിരിക്കുന്നു. 'ഉടൻ തന്നെ സ്കൂളിലേയ്ക്ക് എത്തണം' എന്നതായിരുന്നു.

സുമിത്ര സ്കൂളിലേയ്ക്ക് പോയി. ഓഫീസ്സിലേയ്ക്ക് കടന്ന സുമിത്ര അവിടെ കണ്ടത് തന്റെ മകൾ കരയുന്നതാണ്. സുമിത്ര ഓഫീസിൽ പ്രിൻസിപ്പലിനെ കണ്ടു കാര്യം തിരക്കി.

"എന്താണ് മിസ്സ് മിത്ര കരയുന്നതു ?

എന്താണ് ഉണ്ടായതു?"

ദേഷ്യത്തോടെ പ്രിൻസിപ്പൽ മിത്രയെ നോക്കി "എന്താ ഉണ്ടായതെന്നോ ?പേര് കേട്ട സ്കൂൾ ആണിത്.ഇവിടെ മുഴുവൻ പെൺകുട്ടികൾ ആണ് .ആരും ഇതുവരെ ഇങ്ങനെ ചെയ്തിട്ടില്ല.മിത്ര ഞങ്ങളുടെ അഭിമാനമായിരുന്നു എന്നാൽ ഇപ്പോൾ അപമാനത്തിനും മിത്ര തന്നെ കാരണമാകുന്നു."

"അതിനു മാത്രം എന്താണ് ഉണ്ടായതു?"

"മറ്റുള്ളവരെ കൂടി വഴിതെറ്റിക്കാൻ മിത്ര സ്കൂളിലേക്ക്  ഫോൺ കൊണ്ട് വന്നിരിക്കുന്നു .നിങ്ങൾ ഇവളെ ശ്രദ്ധിക്കാറില്ലേ?"

അമ്മയുടെ വായ മൂടി, ഒന്നും പറയാനില്ലാത്ത അവസ്ഥ.

പ്രിൻസിപ്പൽ മുന്നിലേക്ക് ഒരു കടലാസ് നീട്ടി, അത് മിത്രയെ സ്കൂളിൽനിന്നും പുറത്താക്കുന്നതിനെ പറ്റിയായിരുന്നു .ഒന്നും പറയാതെ സുമിത്ര ആ ലിസ്റ്റ് മേടിച്ച അവളുടെ മുഖത്തേക്ക് നോക്കി ഇനിയും എന്തോ സംഭവിക്കാനുണ്ട് എന്ന മുഖഭാവമായിരുന്നു അവൾക്ക് .ഫോൺ പരിശോധിക്കാൻ പ്രിൻസിപ്പൽ ആവശ്യപ്പെട്ടതിനെ തുടർന്ന് സുമിത്ര ഫോൺ എടുത്തു പരിശോധിച്ചു .കാൾ ലോഗിൽ പരിചയമില്ലാത്ത കുറെ നമ്പറുകൾ, എല്ലാം രാത്രിയിൽ വിളിച്ചവ. സുമിത്ര കണ്ണീരോടെ തലതാഴ്ത്തി .ആരുടേയും മുഖത്തു നോക്കാൻ കഴിയാതായിരിക്കുന്നു .പ്രിൻസിപ്പൽ തുടർന്നു "school ഗ്രൗണ്ടിന്റെ മൂക്കിൽ ചെന്നിരുന്നു ഒരു പെൺകുട്ടി ആരെയൊക്കെയൊ ഫോണിൽ വിളിക്കുന്നു, ആരാണെന്നു ചെന്ന് നോക്കിയപ്പോൾ മിത്ര! ഞാൻ ഞെട്ടിപ്പോയി. മിത്ര പണ്ടത്തെ പോലെയല്ല. വളരെ മോശമായിരിക്കുന്നു .”

സുമിത്ര എഴുന്നേറ്റു. മകളെയും വലിച്ചിഴച്ചുകൊണ്ടു വീട്ടിലേക്കു പോയി. വീട്ടിലെത്തി ഫോൺ അവിടെ വച്ച് ഇരുന്നു കരഞ്ഞു.കുറച്ചു കഴിഞ്ഞു പിടഞ്ഞു വരികയാണ് അരവിന്ദ്.അരവിന്ദ് കാര്യം

അറിഞ്ഞു കാണുമെന്നു സുമിത്ര ഊഹിച്ചു .അരവിന്ദിന്റെ ദേഷ്യം കൂടിവന്നു . സുമിത്ര കാര്യം തിരക്കി "നമ്മുടെ മകൾ നമ്മുടെ അക്കൗണ്ടിൽ നിന്നും ഒരു പൈസ ബാക്കി വയ്ക്കാതെ എല്ലാം പിൻവലിച്ചിരുന്നു. ഇന്നലെ ഇവളെ ATM മില് കണ്ടു സംശയം തോന്നി രാജീവനാണ് എന്നോട് പറഞ്ഞത്.ബാങ്കിൽ ചെന്ന് അന്വേഷിച്ചപ്പോ അക്കൗണ്ടിൽ ഒരു ചില്ലിക്കാശില്ല ."ഇത്രയും കേട്ടതോട് കൂടി സകല നിയന്ത്രണവും വിട്ടു സുമിത്ര മിത്രയെ വാതിലിൽ മുട്ടിവിളിച്ചു

"മിത്ര വാതിൽ തുറക്ക് "

പ്രതികരണം ഇല്ല . വീണ്ടും വീണ്ടും തട്ടി വിളിച്ചിട്ടും ഒരു ശബ്ദവും കേൾക്കാനില്ല. സംശയം തോന്നി അരവിന്ദ് വാതിൽത്തള്ളി തുറന്നു .ജീവനറ്റ തന്റെ മകളുടെ ശരീരം കണ്ടു സുമിത്ര അലറി വിളിച്ചു. ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല .സുമിത്ര തളർന്നു.

മരിക്കും മുൻപ് മിത്ര എഴുതിയ കത്ത് സുമിത്രയുടെ കയ്യിൽ കിട്ടി.

"അമ്മയെന്നോട് ക്ഷമിക്കണം. ഫേസ്ബുക്കിൽ പരിചയപ്പെട്ടതാണ് ഞാൻ അമിത്തിനെ. ഞാൻ അവനുമായി ചാറ്റ് ചെയ്തു.പിന്നീട് അത് ഫോൺ വിളികളായി. രാത്രികളിൽ ഞാൻ അവനോടാണ് സംസാരിച്ചിരുന്നത്. പതുക്കെ ഫോൺ വിളികൾ video ചാറ്റിങ്ങായി.പിന്നീടാണ് അതൊരു ചതി ആയിരുന്നു എന്ന് ഞാൻ മനസ്സിലാക്കിയത്. ഞങ്ങളുടെ ചാറ്റിങ് പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞു അവൻ എന്നെ ഭീഷണി പെടുത്താൻ തുടങ്ങി.പണം ആവശ്യപ്പെടാൻ തുടങ്ങി. എനിക്ക് മുന്നിൽ മറ്റുമാര്ഗങ്ങള് ഒന്നും ഉണ്ടായിരുന്നില്ല.ഞാൻ നിങ്ങളറിയാതെ അകൗണ്ടിൽനിന്നും പണം പിൻവലിക്കാൻ തുടങ്ങി.ഇതിനിടയിലാണ് പ്രിൻസിപ്പൽ എന്നെ പിടിച്ചത്. ഇനി പിടിച്ചുനിൽക്കാൻ ആകുമെന്ന് തോന്നുന്നില്ല. അച്ഛൻ എല്ലാം അറിഞ്ഞു കാണും.ഇന്നലെ ATM ഇല്വ വച്ച് രാജീവ് അങ്കിൾ എന്നെ കണ്ടിട്ടുണ്ട്. അച്ഛന് മുമ്പിൽ കള്ളിയായി നില്ക്കാൻ എനിക്കാവില്ല. അച്ഛൻ എത്തുന്നതിനു മുൻപേ എനിക്ക് പോണം.അമ്മയെയും അച്ഛനെയും ഒരുപാട് വിഷമിപ്പിച്ചു എന്നറിയാം യാത്രയാകുന്നതിനു മുൻപ് ഒരിക്കൽക്കൂടി മാപ്പു ചോദിക്കട്ടെ."

തളർന്നു വീണ സുമിത്ര പിന്നീട്

എഴുന്നേറ്റില്ല.അരവിന്ദനെ തനിച്ചാക്കി

മകൾ യാത്രയായ ലോകത്തേക്ക്

അവൾക്കു വഴികാട്ടിയായി അവൾക്കു

പിറകെ അമ്മയും യാത്രയായി .......



ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Arya E C
IX B

# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നുവീണ്ടും...
പെയ്തൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും
ഘനമേറെയാണതാനും
ആർത്തലച്ചുപെയ്യണം
ലഘുവായ്
വീണ്ടും
വാനിലേക്കുണർ
ന്നുയരാൻ
ഈ ചക്രമിതുപോൽ
തുടരുവാൻ



ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Nasla Salam
IX A

# My Brother

As kids, we lived together
we fought, we laughed, we cried
we didn't always show the love,
that we both had inside
we shared our dreams and plans,
and some secrets too.
All the memories we share,
is what bonds me now to you
we grew to find we have a love
that is very strong today.

It's a love shared by our family,
that will never fade away
you are any brother not by choice,
but by the nature of our birth
I could not have chosen a better one
you are the best on Earth.



ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ് തൈക്കാട്
സൗത്ത് ,ബ്രഹ്മകുളം



Devana Krishna M S
IX A

# അക്ഷരജ്വാല

ഭൂമിയിൽ മർത്യനായ്
വന്നുപിറന്നിട്ടും
താമസമെന്താണറിവുനേടാൻ
വിദ്യാലയത്തിൽ
പോകേണ്ടകാലത്തു-
പറ്റിയില്ലെന്നോ?നിരാശവേണ്ട-
തൊട്ടടുത്തുള്ളൊരു സാക്ഷരതാ
ക്ലാസ്സിൽ
നട്ടെല്ലുയർത്തി കടന്നുചെല്ലൂ.

അക്ഷരമുത്തുകൾ സ്വന്തമാക്കൂ.
അധ്വാനിച്ചാൽ നമുക്കെന്തും
നേടാം-
അക്ഷരങ്ങൾക്കുള്ളിൽ
തീയുണ്ടോ,ത്തീയിനെ
ആത്മാവുകൊണ്ടൂതിയൂതി നോക്കൂ.
വിശ്വം മുഴുവൻ തെളിഞ്ഞു
കാണുന്നൊരു
വിജ്ഞാനദീപം കൊളുത്തിവയ്ക്കാം.



ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Thaeba R Y
IX A

# Essay on Women Empowerment

Women Empowerment means to making women powerful to make themselves capable of taking decisions. Women has suffered a lot through the years at the hands of men. In earlier centuries, they were treated as almost non-existent. As if the rights belonged to men even something as basic as voting. As the times evolved, women realized their power. There on began the revolution of Women Empowerment.

Women Empowerment made women aware of their rights and how they must make their own place in society rather than depending on a man. It recognised that things cannot simply work in someone's favor because of their gender, which was a fact. However we still have long way to go when we talk about the reasons why we need it.

In India Women Empowerment is needed more than ever. India is amongst the countries which are not safe for women. There are various reasons for this firstly, women in India are in danger of honor killings. Their

23
23

family thinks its right to take their lives if their legacy. Moreover, the education and freedom Scehario is very regressive here. Women are not allowed to pursue higher education, they are married off early. The men are still dominating women in some regions like it's the women's duty to work for him endlessly. They don't let them go out or have freedom of any kind.

In addition, domestic violence is major problem in India. The men beat up their wife and abuse them as they think women are their property. More so, women are afraid to speak up. Similarly, the women who do actually work get paid less than their male counterparts. It is downright unfair to pay less for same work because of gender. Thus, we see how women empowerment is need of the hour. We need empower these women to speak up for themselves and never be a victim of injustice. Women has equal rights as that of men. Let's unite together to empower women.



ലിറ്റിൽ കൈറ്റ്സ്
@
വി ആർ എ എം എം എച്ച് എസ് എസ്
തൈക്കാട് സൗത്ത് ,ബ്രഹ്മകുളം



Aswathy M S
IX B

# കാട്ടുപൂവ്



ചിതറിതെറിക്കുന്ന
ചിന്തകളിലെപ്പോഴും
നിൻെറ ഈ പുഞ്ചിരിയൊന്നു
മാത്രം
മഴവില്ലുപോലെ നീ മനസ്സിൽ
തെളിയുമ്പോൾ

ഉണരുന്നു എന്നിലെ
മോഹങ്ങളും(കൃഷ്ണതുളസികതിർ
ത്തുമ്പുമോഹിക്കും
നിൻെറ ഈ
വാർമുടിച്ചുരുളിലെത്താൻ) (2)
(പൂജക്കെടുക്കാത്ത പൂവായ്
ഞാനും

മോഹിച്ചിടുന്നു

നിന്നരികിലെത്താൻ)   (2)

(മണമില്ല മധുവില്ല

പൂജക്കെടുക്കില്ല

താനെ വളർന്നൊരു

കാട്ടുപൂവാണുതാൻ)   (2)

വിടരുന്ന മുമ്പേ പൊഴിയുന്ന

ഇതളുള്ള

പൂജക്കെടുക്കാത്ത കാട്ടുപൂവാണു

ഞാൻ

ഇഷ്ടമാണെന്നൊന്നു

ചൊല്ലുവാൻ വേണ്ടി

നിത്യവും നിൻ

മുമ്പിലെത്തിടുമ്പോൾ

നിൻെറ കൊലുസിൻെറ

നാദങ്ങളിൽ ഞാൻ

താനെ മറന്നൊന്ന് നിന്നിടുന്നു

ഒന്നും പറയാതെ അറിയാതെ

പോയിടുന്നു

ഇഷ്ടമല്ലെന്നൊരു വാക്കു നീ

ചൊല്ലിയാൽ

വ്യർത്ഥമായിപോകും എൻ

ജീവിതം   (2)

വിടരും മുൻപേ പൊഴിയുന്ന

ഇതളുള്ള

പൂജക്കെടുക്കാത്ത കാട്ടുപൂവാണു

ഞാൻ.

ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശവും ,സഹായവും നൽകി ഞങ്ങളെ സഹായിച്ച, എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളുടെ കൂടെ നിന്ന് ഞങ്ങളെ വളർത്തിയ ബഹുമാനപ്പെട്ട മാനേജർ, ഹെഡ് മിസ്ട്രസ് ,അധ്യാപകർ, അനധ്യാപകർ എല്ലാവരെയും ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ഞങ്ങളുടെ പ്രവർത്തനം മികച്ച രീതിയിൽ പൂർത്തിയാക്കാൻ സാധിച്ചതിൽ ജഗദീശ്വരനോട് നന്ദിയർപ്പിച്ചു കൊണ്ട് ഉപസംഹരിക്കുന്നു

നന്ദി

# V R A M M H S S

# THAIKKAD SOUTH

# BRAHMAKULAM

# 24043

# LITTLE KITES

MAGAZINE 2020